**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള ഹൈക്കോടതിയുടെ 22.02.2016 ലെ W.P(C) 20054/2015 നമ്പർ വിധിന്യായം പാലിച്ച് തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിൽ ദിവസ വേതനത്തിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി മാലതി.കെ.എസ് നെ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (കൈ) നം. 173/2018/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം, 21/11/2018**

---

പരാമർശം : 1. സ.ഉ(പി) 501/2005/ഫിൻ തീയതി 25.11.2005

2. ബഹു. കേരളാ ഹൈക്കോടതിയുടെ 22.02.2016 ലെ W.P(C) 20054/2015 നമ്പർ വിധിന്യായം.

3. പഞ്ചായത്ത് ഡയറക്ടറുടെ 28.06.2018 ലെ ഇ 9-23025/2012 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിൽ ദിവസ വേതനത്തിൽ സ്വീപ്പറായി ജോലി ചെയ്യുന്ന ശ്രീമതി. മാലതി.കെ.എസ് ടിയാളെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത W.P(C) 20054/2015 നമ്പർ ഹർജിയിൽ ബഹു. കേരള ഹൈക്കോടതി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിൽ ഹർജിക്കാരിയുടെ നിയമന ക്രമവൽക്കരണത്തിനുള്ള പ്രൊപ്പോസൽ പരിഗണിക്കുന്നതിന് നിർദ്ദേശിച്ചു ശ്രീമതി. മാലതി.കെ.എസ് ന്റെ നിയമന ക്രമവൽക്കരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) ലെ കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കി. തൃശ്ശൂർ ജില്ലയിലെ അവണൂർ ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം സ്വീപ്പർ ശ്രീമതി മാലതി.കെ.എസ് നെ സ്ഥിരപ്പെടുത്തുന്നതിനുള്ള 07.08.2012 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 247/12-ാം നം. തീരുമാനം 31.10.2012 ൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അവണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിരുന്നതായും പരാമർശം (1) ലെ ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രോപ്പോസൽ നൽകുന്നതിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ രേഖകൾ സഹിതം ഉചിത മാർഗേന പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തതായും 05/3/16 ലെ 19/2016/ധന നമ്പർ സർക്കുലർ പ്രകാരം താൽക്കാലിക സ്വീപ്പർമാരുടെ ക്രമവൽക്കരണത്തിനുള്ള പുതിയ പ്രൊപ്പോസലുകൾ ഈ സർക്കുലർ തീയതിക്ക് ശേഷം പരിഗണനാർഹമല്ലെന്ന് സർക്കാർ അറിയിച്ചിരുന്നുവെന്നും എന്നാൽ പരാമർശം (2) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 12.07.2016 ലെ കത്ത് പ്രകാരം പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നതായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ പകർപ്പ് ലഭ്യമാക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച അവണൂർ ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട് ടൈം സ്വീപ്പർ തസ്തിക നിലവിലുള്ളതിനാലും ശ്രീമതി മാലതിയെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ 2012 ൽ തന്നെ ആരംഭിച്ചതിനാലും നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് ടിയാൾ ക്രമവൽക്കരണത്തിന് അർഹയാണെന്നതിനാലും അവണൂർ ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ശ്രീമതി. മാലതി.കെ.എസ് നെ സർക്കാർ ഉത്തരവ് തീയതി പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (2) ലെ ബഹു. കേരളാ ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ സ്. മോഹൻദാസ്**

**അഡീഷണൽ സെക്രട്ടറി**

ശ്രീമതി. മാലതി.കെ.എസ്, പാർട്ട് ടൈം സ്വീപ്പർ, അവണൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല (അവണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ ജില്ല.

സെക്രട്ടറി, അവണൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(നം. Dev-1/258/2018/Fin. തീയതി 24.09.2018 പ്രകാരം).

ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EP A2/35/2016-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ